# മഹാത്മാഗാന്ധി സർവ്വകലാശാല

**കൃഷ്ണമൂർത്തി റ്റി.എസ്.**
പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)
ഫോൺ: 0481 - 2731020, 2732650
മൊബൈൽ : 9447660554

പി.ആർ.ഒ./39/186/2018 2018 ആഗസ്റ്റ് 31

## പത്രക്കുറിപ്പ്

### യാത്രയയപ്പുകൾ ഒഴിവാക്കി വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ എം.ജി.യുടെ പടിയിറങ്ങി

നാല് വർഷത്തെ നിയമന കാലാവധി പൂർത്തിയാക്കി ഡോ. ബാബു സെബാസ്റ്റ്യൻ മഹാത്മാഗാന്ധി സർവ്വകലാശാലാ വൈസ് ചാൻസലർ പദവിയിൽ നിന്നും വിരമിച്ചു. പ്രോ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസിന് വി.സി.യുടെ ചുമതല കൈമാറി.

പ്രളയദുരന്തത്തെത്തുടർന്ന് ഔദ്യോഗിക യാത്രയയപ്പുകൾ ഒഴിവാക്കിയിരുന്നു. പ്രോ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ്, സിൻഡിക്കേറ്റ് അംഗങ്ങൾ, രജിസ്ട്രാർ എം.ആർ. ഉണ്ണി എന്നിവരുടെ നേതൃത്വത്തിൽ ബൊക്കെ നൽകി ലളിതമായ യാത്രയയയ്പ്പാണ് നൽകിയത്. വ്യാഴാഴ്ച നടന്ന സിൻഡിക്കേറ്റ് യോഗത്തിൽ വൈസ് ചാൻസലറുടെ സേവനങ്ങളെ പ്രോ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ്, അഡ്വ. പി.കെ. ഹരികുമാർ, ഡോ. കെ. ഷെറഫുദ്ദീൻ, പ്രൊഫ. ടോമിച്ചൻ ജോസഫ്, ഡോ. എ. ജോസ്, ഡോ. ആർ. പ്രഗാഷ് തുടങ്ങിയ സിൻഡിക്കേറ്റ് അംഗങ്ങൾ മുക്തകണ്ഠം പ്രശംസിച്ചിരുന്നു. ഇന്ന് വി.സി.യുടെ ഓഫീസിൽ അദ്ധ്യാപക, അനദ്ധ്യാപക വിദ്യാർത്ഥി സംഘടനാ നേതാക്കൾ, പ്രിൻസിപ്പൽമാർ, സാമൂഹ്യ സാംസ്കാരിക നായകർ, ജീവനക്കാർ തുടങ്ങിയവർ നേരിട്ടെത്തി ബാബു സെബാസ്റ്റ്യന് ഭാവുകങ്ങൾ നേർന്നു.

ഡോ. ബാബു സെബാസ്റ്റ്യന്റെ പത്നിയായ മൂവാറ്റുപുഴ നിർമ്മല കോളേജിലെ മലയാള വിഭാഗം മേധാവി ഡോ. ലിസ്സി ജോസഫ് കൊണ്ടുവന്ന സ്വകാര്യ കാറിൽ ആയിരുന്നു പാലായിലെ സ്വഭവനത്തിലേക്കുള്ള മടക്കയാത്ര.

**അടിക്കുറിപ്പ്**

**നാല് വർഷത്തെ നിയമന കാലാവധി പൂർത്തിയാക്കി മഹാത്മാഗാന്ധി സർവ്വകലാശാലാ വൈസ് ചാൻസലർ പദവിയിൽ നിന്നും വിരമിച്ച ഡോ. ബാബു സെബാസ്റ്റ്യന് പ്രോ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ്, രജിസ്ട്രാർ എം.ആർ. ഉണ്ണി തുടങ്ങിയവരുടെ നേതൃത്വത്തിൽ യാത്രയയപ്പ് നൽകിയപ്പോൾ. ഡോ. ബാബു സെബാസ്റ്റ്യന്റെ പത്നിയായ മൂവാറ്റുപുഴ നിർമ്മല കോളേജിലെ മലയാള വിഭാഗം മേധാവി ഡോ. ലിസ്സി ജോസഫ് സമീപം**

### വൈസ് ചാൻസലർ നിയമനം

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ വൈസ് ചാൻസലർ നിയമനത്തിനുള്ള വിജ്ഞാപനം www.mgu.ac.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു.

### പരീക്ഷകൾ മാറ്റിവച്ചു

മഹാത്മാഗാന്ധി സർവ്വകലാശാല സെപ്റ്റംബർ 1 മുതൽ 15 വരെ നടത്താനിരുന്ന എല്ലാ പരീക്ഷകളും മാറ്റിവച്ചു. പുതുക്കിയ തീയതികൾ പിന്നീട്.

### എം.ജി. ബി.പി.എഡ്./ബി.എൽ.ഐ.സി. ഏകജാലക പ്രവേശനം: പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കായുള്ള ഒന്നാം പ്രത്യേക അലോട്ട്മെന്റ്: ഓപ്ഷൻ രജിസ്ട്രേഷൻ 3 വരെ: എസ്.സി./എസ്.ടി. സ്പെഷ്യൽ അലോട്ട്മെന്റ് സെപ്റ്റംബർ 5ന് പ്രസിദ്ധീകരിക്കും

എം.ജി. സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ ബി.പി.എഡ്/ബി.എൽ.ഐ.സി. പ്രോഗ്രാമുകളിലേക്ക് പട്ടികജാതി/പട്ടികവർഗ്ഗ

വിഭാഗങ്ങൾക്കായുള്ള സ്പെഷ്യൽ അലോട്ട്മെന്റ് നടത്തുന്നതാണ്. ഇതിനായി 3-ാം തീയതി വരെ പുതുതായി ഓപ്ഷൻ നൽകാവുന്നതാണ്. നിലവിൽ അപേക്ഷ സമർപ്പിക്കാത്തവർക്കും മുൻ അലോട്ട് മെന്റുകളിൽ പ്രവേശനം ലഭിച്ചവർ ഉൾപ്പെടെ എല്ലാ വിഭാഗം എസ്.സി./എസ്.ടി അപേക്ഷകർക്കും വേണ്ടി സ്പെഷ്യൽ അലോട്ട്മെന്റ് നടത്തുന്നതാണ്. അപേക്ഷകൻ ഓൺലൈൻ അപേക്ഷയിൽ വരുത്തിയ തെറ്റ് മൂലം അലോട്ട്മെന്റിന് പരിഗണിക്കപ്പെടാത്തവർക്കും അലോട്ട്മെന്റിലൂടെ ലഭിച്ച പ്രവേശനം റദ്ദാക്കിയവർക്കും പ്രത്യേകമായി ഫീസ് ഒടുക്കാതെ തന്നെ തന്റെ നിലവിലുള്ള ആപ്ലിക്കേഷൻ നമ്പരും പാസ്‌വേഡും ഉപയോഗിച്ച് www.cap.mgu.ac.in എന്ന വെബ്സൈറ്റിൽ അക്കൗണ്ട് ക്രിയേഷൻ എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുമ്പോൾ ലഭിക്കുന്ന പുതിയ ആപ്ലിക്കേഷൻ നമ്പരും പഴയ പാസ്‌വേഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് ഓപഷനുകൾ പുതുതായി നൽകാവുന്നതാണ്. പുതിയ ആപ്ലിക്കേഷൻ നമ്പർ പിന്നീടുള്ള ഓൺലൈൻ ആവശ്യങ്ങൾക്കായി സൂക്ഷിച്ചുവയ്ക്കേണ്ടതാണ്. അപേക്ഷകന്റെ പിന്നീടുള്ള ആവശ്യങ്ങൾക്കായുള്ള ആപ്ലിക്കേഷൻ നമ്പർ പുതുതായി ലഭിക്കുന്ന ആപ്ലിക്കേഷൻ നമ്പരായിരിക്കും. ലോഗിൻ ചെയ്തശേഷം അപേക്ഷകന് താൻ നേരത്തെ നൽകിയ അപേക്ഷയിൽ എന്തെങ്കിലും തരത്തിലുള്ള തെറ്റുകൾ കടന്നുകൂടിയിട്ടുണ്ടെങ്കിൽ തിരുത്താവുന്നതും പുതുതായി ഓപ്ഷനുകൾ നൽകാവുന്നതുമാണ്. മേൽ വിഭാഗത്തിൽപ്പെടാത്തവർക്ക് പുതുതായി ഫീസൊടുക്കി സ്പെഷ്യൽ അലോട്ട്മെന്റിൽ പങ്കെടുക്കാവുന്നതാണ്. സ്പെഷ്യൽ അലോട്ട്മെന്റിൽ പങ്കെടുക്കുന്ന എല്ലാ അപേക്ഷകരും പുതുതായി ഓപ്ഷനുകൾ നൽകേണ്ടതാണ്. ഓപ്ഷനുകൾ നൽകിയശേഷം അപേക്ഷ സേവ് ചെയ്ത് ഓൺലൈനായി സമർപ്പിക്കുക. അപേക്ഷയുടേയോ ഓപ്ഷനുകളുടെയോ പ്രിന്റൗട്ട് സർവ്വകലാശാലയിൽ സമർപ്പിക്കേണ്ടതില്ല. വിവിധ കോളേജുകളിലെ ഒഴിവുള്ള പ്രോഗ്രാമുകളുടെ വിശദവിവരങ്ങൾ സർവ്വകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കും. സ്പെഷ്യൽ അലോട്ട്മെന്റ് ലിസ്റ്റ് സെപ്റ്റംബർ 5ന് പ്രസിദ്ധീകരിക്കും. ഓൺലൈൻ രജിസ്ട്രേഷനായി www.cap.mgu.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

**തീയതി നീട്ടി**

മൂന്നാം വർഷ ബി.എസ്.സി. എം.ആർ.ടി. (2016ന് മുമ്പുള്ള അഡ്മിഷൻ) സപ്ലിമെന്ററി പരീക്ഷകൾക്ക് പിഴയില്ലാതെ സെപ്റ്റംബർ 7 വരെയും 50 രൂപ പിഴയോടെ 10 വരെയും 500 രൂപ സൂപ്പർഫൈനോടെ 11 വരെയും അപേക്ഷിക്കാം. പരീക്ഷകളുടെ പുതുക്കിയ തീയതി പിന്നീട്.

**പുനർമൂല്യനിർണ്ണയം: തീയതി നീട്ടി**

പുനർമൂല്യനിർണ്ണയത്തിനായി അപേക്ഷിക്കേണ്ട അവസാന തീയതി ആഗസ്റ്റ് 15 മുതൽ 30 വരെ എന്ന് നിശ്ചയിച്ചിരുന്ന വിവിധ പരീക്ഷകളുടെ പുനർമൂല്യനിർണ്ണയത്തിനുള്ള അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി പിഴ ഈടാക്കാതെ തന്നെ സെപ്റ്റംബർ 4 വരെ നീട്ടി നൽകുന്നതിന് ശിപാർശ ചെയ്തു.

**വൈവാവോസി**

നാലാം സെമസ്റ്റർ എം.എസ്.സി. ബയോ സ്റ്റാറ്റിസ്റ്റിക്സ് പരീക്ഷയുടെ പ്രോജക്ട് മൂല്യനിർണ്ണയവും വൈവാവോസിയും സെപ്റ്റംബർ 18, 19 തീയതികളിൽ പാലാ സെന്റ് തോമസ് കോളേജിൽ വച്ച് നടക്കും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**സംവരണ സീറ്റൊഴിവ്**

മഹാത്മാഗാന്ധി സർവ്വകലാസാലാ സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡെവലപ്മെന്റ് സ്റ്റഡീസ് ഡിപ്പാർട്ട്മെന്റിൽ 2018 അദ്ധ്യയന വർഷത്തിലെ എം.എ. ഗാന്ധിയൻ സ്റ്റഡീസ് ബാച്ചിൽ പട്ടികവർഗ്ഗവിഭാഗത്തിൽ ഒരു സീറ്റൊഴിവുണ്ട്. ക്യാറ്റ് പ്രോസ്പെക്ടസ് പ്രകാരം യോഗ്യരായ താല്പര്യമുള്ള വിദ്യാർത്ഥികൾ അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം സെപ്റ്റംബർ 7ന് 5 മണിക്ക് മുമ്പായി ഡിപ്പാർട്ട്മെന്റ് ഓഫീസിൽ രജിസ്ട്രേഷൻ നടത്തണം. വിശദവിവരങ്ങൾക്ക് ഫോൺ: 0481 - 2731039.

**പരീക്ഷാഫലം**

2017 ഡിസംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എസ്.സി. ഇലക്ട്രോണിക്സ്, ബയോ ഇൻഫർമാറ്റിക്സ് (പി.ജി.സി.എസ്.എസ്. -റഗുലർ & സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും സെപ്റ്റംബർ 12 വരെ അപേക്ഷിക്കാം.

2018 മെയ് മാസത്തിൽ നടത്തിയ എട്ടാം സെമസ്റ്റർ ബി.ടെക് (റഗുലർ, സപ്ലിമെന്ററി), ഏഴാം സെമസ്റ്റർ ബി.ടെക് (ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി) - പുതിയ സ്കീം, പഴയ സ്കീം, മേഴ്സി ചാൻസ്) പരീക്ഷകളുടെ ഫലം (CISAT കോളേജ് ഒഴികെ) പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും സെപ്റ്റംബർ 15 വരെ അപേക്ഷിക്കാം.

2017 ഡിസംബർ, 2018 ഫെബ്രുവരി, മെയ് മാസങ്ങളിൽ നടത്തിയ ഒന്നും രണ്ടും മൂന്നും നാലും

സെമസ്റ്റർ ബി.പി.എഡ്. (റഗുലർ/സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും സെപ്റ്റംബർ 15 വരെ അപേക്ഷിക്കാം.

2015 സെപ്റ്റംബറിൽ നടത്തിയ അവസാന വർഷ ബി.എസ്.സി. നഴ്സിംഗ് (റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ തടഞ്ഞുവയ്ക്കപ്പെട്ട പരീക്ഷാഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിന് അപേക്ഷിക്കുന്നവർ നിശ്ചിതഫോറത്തിൽ ഒരു പേപ്പറിന് 500 രൂപ നിരക്കിൽ ഫീസൊടുക്കി സെപ്റ്റംബർ 6ന് മുൻപായി പരീക്ഷാകൺട്രോളറുടെ ഓഫീസിൽ സമർപ്പിക്കണം. സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിക്കുന്നവർ നിശ്ചിതഫോറത്തിൽ ഒരു പേപ്പറിന് 150 രൂപ നിരക്കിൽ ഫീസൊടുക്കി സെപ്റ്റംബർ 6ന് മുമ്പായി പരീക്ഷാ കൺട്രോളറുടെ ഓഫീസിൽ സമർപ്പിക്കണം. അപേക്ഷകൾ സർവ്വകലാശാലാ പരീക്ഷാസ്റ്റോറിൽ നിന്ന് 25 രൂപ നിരക്കിൽ ലഭ്യമാണ്. പരീക്ഷയുടെ ഹാൾടിക്കറ്റ്/മാർക്ക്ലിസ്റ്റിന്റെ ഫോട്ടോകോപ്പി അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

2017 ഡിസംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എ. പ്രിന്റ് ആന്റ് ഇലക്ട്രോണിക് ജേർണലിസം (റഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും സെപ്റ്റംബർ 10 വരെ അപേക്ഷിക്കാം.

**<u>വിദ്യാർത്ഥി യൂണിയൻ തെരഞ്ഞെടുപ്പ് ഒക്ടോബർ 10ന്</u>**

സംസ്ഥാനത്ത് സമീപകാലത്തുണ്ടായ പ്രളയക്കെടുതികൾ മൂലം മാറ്റിവയ്ക്കപ്പെട്ട മഹാത്മാഗാന്ധി സർവ്വകലാശാലാ വിദ്യാർത്ഥി യൂണിയൻ തെരഞ്ഞെടുപ്പ് (2017-18) ഒക്ടോബർ 10ന് നടത്തും. പ്രാഥമിക വോട്ടർപ്പട്ടിക 12ന് പ്രസിദ്ധീകരിക്കുന്നതാണ്. വോട്ടർപ്പട്ടിക സംബന്ധിച്ചുള്ള പരാതികൾ സെപ്റ്റംബർ 24ന് ഉച്ചയ്ക്ക് 2.00 മണി വരെ സ്വീകരിക്കുന്നതാണ്. അന്തിമ വോട്ടർപ്പട്ടിക സെപ്റ്റംബർ 25 ന് പ്രസിദ്ധീകരിക്കും. തെരഞ്ഞെടുപ്പ് സംബന്ധിച്ച വിശദമായ പുന:വിജ്ഞാപനം സെപ്റ്റംബർ 11ന് ഉച്ചയ്ക്ക് 1.00 മണിയ്ക്ക് സർവ്വകലാശാലാ ഓഫീസിലും ഔദ്യോഗിക വെബ്സൈറ്റായ www.mgu.ac.in ലും പ്രസിദ്ധീകരിക്കുന്നതാണ്.

**<u>അർദ്ധവാർഷിക സെമിനാർ ഒക്ടോബർ 3ന്</u>**

മഹാത്മാഗാന്ധി സർവ്വകലാശാലാ സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിലെ നിയമവകുപ്പിലെ ഗവേഷണ വിദ്യാർത്ഥികളുടെ ഗവേഷണ പുരോഗതി വിലയിരുത്തുന്നതിനുള്ള അർദ്ധവാർഷിക സെമിനാർ ഒക്ടോബർ 3ന് രാവിലെ 10 മണിക്ക് സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിൽ നടത്തും. വിശദവിവരങ്ങൾക്ക് ഫോൺ: 9446126162.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**